പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1771 04.10.2011 ൽ മറുപടിയ്ക്ക്

പെരുനാട് ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പെരുനാട് ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇനിയും എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത് ; | (എ) ഇല്ല. പവർഹൗസിനുള്ളിലെ ജനറേറ്റർ, ടർബൈൻ, മറ്റു യന്ത്രസാമഗ്രികൾ ഇവയുടെ സ്ഥാപിക്കലും തുടർ ജോലികളുമാണ് പൂർത്തീകരിക്കുവാനുള്ളത്. |
| (ബി) പ്രസ്തുത പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള എല്ലാ നടപടികളും ചെയ്തുവരുന്നു. പദ്ധതിയുടെ പുരോഗതി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ അവലോകനം ചെയ്ത് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പദ്ധതി നടപ്പാക്കുമ്പോൾ എത്രമാത്രം പ്രദേശങ്ങളാണ് വെള്ളത്തിനടിയിലാവുക ; എങ്കിൽ ഈ പ്രദേശങ്ങളിലുള്ളവർക്കും പൊതുമരാമത്ത്, പഞ്ചായത്ത് റോഡുകൾക്കുണ്ടാകുന്ന നാശത്തിനും നഷ്ടപരിഹാരം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (സി) പദ്ധതി നടപ്പിലാക്കുമ്പോൾ 1.9412 ഹെക്ടർ പട്ടയഭൂമിയും 2.9122 ഹെക്ടർ റവന്യൂഭൂമിയും വെള്ളത്തിനടിയിലാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിലെ സ്വകാര്യഭൂമി കെ.എസ്.ഇ.ബി. വില കൊടുത്തു വാങ്ങിയിട്ടുള്ളതാണ്. റവന്യൂ വകുപ്പിൽ നിന്നും പുറമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതി നടപ്പിലാക്കുമ്പോൾ പൊതുമരാമത്ത്, പഞ്ചായത്ത് റോഡുകൾ വെള്ളത്തിനടിയിലാകുന്നില്ല. |
| (ഡി) ഇപ്പോൾ വെള്ളം കയറുന്ന പ്രദേശങ്ങളെക്കാൾ കൂടുതൽ വസ്തു വകകൾക്ക് നാശമുണ്ടാകുമെന്ന ജനങ്ങളുടെ ആശങ്കയ്ക്ക് | (ഡി) ഇല്ല. പെരിനാട് വിയറിന്റെ ഫുൾ റിസർവോയർ ലെവൽ 18.1 മീറ്റർ ആണ്. എന്നാൽ 18.75 മീറ്ററിനു താഴെ |

(..........2)

| | |
|---|---|
| അടിസ്ഥാനമുണ്ടോ ; എങ്കിൽ കൂടുതൽ പ്രദേശങ്ങൾ ഏറ്റെടുക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | വരുന്ന മുഴുവൻ ഭൂമിയും വൈദ്യുതി ബോർഡ് ഏറ്റെടുത്തിട്ടുള്ളതാണ്. ഈ പദ്ധതി മൂലം കൂടുതലായി ഏതെങ്കിലും സ്ഥലം വെള്ളത്തിനടിയിൽ ആകുന്നു എന്ന് കണ്ടാൽ അത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ